FRIDAY 30/01/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS    **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/01/2026

1. 2026 ഫെബ്രുവരി 11 മുതൽ 16 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 സംഘടിപ്പിക്കുന്നു. പ്രകൃതികൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും പൊതുജന ആരോഗ്യവും, കാർഷിക മൂല്യവർദ്ധനവ്, പ്രോസസ്സിംഗ്, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണന സംവിധാനങ്ങൾ, കാർഷിക യന്ത്രവത്ക്കരണം, അഗ്രി-സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ കാർഷിക സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, അഗ്രി-ഫിനാൻസ്, കയറ്റുമതി സാധ്യതകൾ, തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് വൈഗ 2026 സംഘടിപ്പിക്കുന്നത്. അഗ്രി-ഹോർട്ടി ഉത്പന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ ഉൾപ്പെടുന്ന വിപുലമായ എക്സിബിഷൻ, കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന സെമിനാറുകളും ശില്പശാലകളും, ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകൾ, DPR ക്ലിനിക്കുകൾ, നിക്ഷേപ സാധ്യതകൾ സംബന്ധിച്ച ചർച്ചകൾ, കർഷക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ എന്നിവ വൈഗ 2026-ൻറെ ഭാഗമായി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാദിവസവും വൈകുന്നേരങ്ങളിൽ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. കർഷകർക്കും സംരംഭകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന, വൈഗ 2026-നെ ഉയർത്തിക്കാട്ടു ന്നതിലൂടെ കേരളത്തെ കാർഷിക മൂല്യശൃംഖല വികസനത്തിന്റെ ദേശീയ-അന്തർദേശീയ കേന്ദ്രമായി സ്ഥാപിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

2. റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്രഓഫീസിലെ ഹിന്ദി വിഭാഗത്തിൽ 'ട്രാൻസ്ലേഷൻ ട്രെയിനി'യെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ടെസ്റ്റ്/ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ ബിരുദാനന്തരബിരുദവും ഹിന്ദി ട്രാൻസ്ലേഷനിൽ പി.ജി. ഡിപ്ളോമയും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2026 ജനുവരി 01ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത തുടങ്ങിയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി കോട്ടയത്തുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേന്ദ്രഓഫീസിലെ ഹിന്ദി വിഭാഗത്തിൽ 2026 ഫെബ്രുവരി 18ന് രാവിലെ 10.30ന് ടെസ്റ്റ്/ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 9745759444 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ് കോഴ്സ് ഉടനെ ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി താല്പര്യമുള്ളവർ **ഫെബ്രുവരി** 3 -ആം തിയ്യതിക്കകം ഈ ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യുക കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 9446370726.

4. കൊല്ലം ജില്ലയിലെ കൊട്ടിയം മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 3 ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നാടൻപശു പരിപാലനം, പാരമ്പര്യ മൃഗചികിത്സ"

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നീ വിഷയങ്ങളിൽ ഒരു ഏകദിന നടത്തപ്പെടുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447525485 എന്ന നമ്പരിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 01/02/2026. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുവർക്ക് പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ "താറാവ് വളർത്തൽ എന്ന വിഷയത്തിൽ 04/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 6. കാർഷിക നിർദേശം

ഈ മാസവും ചീര നടാം. നനക്കുവാനുള്ള സൗകര്യത്തിനായി ചാലുകളിലാണ് വേനലിൽ ചീര നടേണ്ടത്. ചാലുകൾക്ക് ഒരടി വീതിയും, 15 സെ.മീ ആഴവും ആകാം. സെന്റിന് 2.5കിലോ കുമ്മായം ഇട്ട് ഒരാഴ്ച കഴിഞ്ഞ് 100 – 200 കി.ഗ്രാം എന്ന തോതിൽ ജൈവവളം ചാലിൽ ഇട്ട്മണ്ണുമായി കൊത്തിച്ചേർക്കണം. അരുൺ എന്ന ഇനം ചുവന്ന ചീരയാണ്. മോഹിനി Co-1, Co-2, Co-3 എന്നിവ നല്ലയിനം പച്ചച്ചീര ഇനങ്ങളാണ്. രേണുശ്രീ, കൃഷ്ണശ്രീ എന്നയിനം ചീരകളും ലഭ്യമാണ്. തൈകൾ വൈകുന്നേരം നട്ട് നനക്കുക. പിടിച്ചുകിട്ടുന്നതുവരെ തണൽ നൽകുന്നത് നന്നായിരിക്കും. തൈകൾ നട്ട് തീരുന്നതോടെ സെന്റിന് 200 ഗ്രാം യൂറിയ, 100 ഗ്രാം റോക്ക്ഫോസ്ഫേറ്റ്, 330 ഗ്രാം മ്യൂറിയേറ്റ്ഓഫ് പൊട്ടാഷ് എന്നിവ തൈകൾക്ക്ചുറ്റും വിതറി മണ്ണിൽ ചേർക്കണം.